## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 582

12.06.2012-ൽ
മറുപടിക്ക്.

### " എമർജിംഗ് കേരള"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ)എമർജിംഗ് കേരളയുടെ ഭാഗമായി വ്യവസായങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനു പ്രത്യേക പാക്കേജ് കൊണ്ട് വരാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പാക്കേജിന് അന്തിമ രൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) എമർജിംഗ് കേരളയുടെ ഭാഗമായി വ്യവസായങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് പ്രത്യേക പാക്കേജ് രൂപീകരിച്ചിട്ടില്ല. |
| (ബി) ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരമായി ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുവാനാണ്ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരമായി ഭൂ ഉടമകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് ഒരു പ്രത്യേക നയരേഖ തയ്യാറാക്കിയിട്ടുണ്ട്. G.O.Ms.No. 419/2011/RD dated. 15.11.2011 പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രസ്തുത നയരേഖയിൽ പുനരധിവാസ പാക്കേജ് വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റു ആനുകൂല്യങ്ങൾ സംബന്ധിച്ച അന്തിമ രൂപം തയ്യാറാക്കിയിട്ടില്ല. |
| (സി) വ്യവസായസംരംഭത്തിലേർ പ്പെടുന്ന വർക്ക് ഭൂമിലഭ്യമാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾഎന്തെല്ലാ മാണെന്ന് വിശദീകരിക്കുമോ.? | (സി) വ്യവസായ സംരംഭങ്ങളിലേർപ്പെടുന്നവർക്ക് ഭൂമി ലഭ്യമാക്കുന്നതിന് വിവിധ സർക്കാർ ഏജൻസികൾക്ക് തനതായ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്. വിവിധ ഏജൻസികൾ നടപ്പിലാക്കി വരുന്ന സംവിധാനങ്ങൾ ഏകീകരിക്കുന്നതിനായി ഇപ്പോൾ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ